ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# കർമഭൂമിയിൽ തളരാതെ മുന്നോട്ട്

عَنْ أَبِي سَعِيدٍ الْخُدْرِيِّ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم رَأَى فِي أَصْحَابِهِ تَأَخُّرًا فَقَالَ لَهُمْ :
تَقَدَّمُوا فَائْتَمُّوا بِي وَلْيَأْتَمَّ بِكُمْ مَنْ بَعْدَكُمْ ، لاَ يَزَالُ قَوْمٌ يَتَأَخَّرُونَ حَتَّى يُؤَخِّرَهُمُ اللَّهُ (مسلم)

**അബൂ സഈദിൽ ഖുദ്‌രിയിൽനിന്ന് നിവേദനം: തന്റെ സഖാക്കളിൽ പിന്തിനിൽക്കുന്ന പ്രവണതയുണ്ടെന്ന് ദൈവദൂതൻ മനസ്സിലാക്കി. അവിടുന്ന് അരുളി: നിങ്ങൾ മുന്നോട്ടു വന്ന് എന്നെ പിന്തുടരൂ. നിങ്ങൾക്ക് പിന്നിൽ വരുന്നവർ നിങ്ങളെയാണ് പിന്തുടരുന്നത്. പിന്തിനിൽക്കുന്നവർ അത് തുടർന്നാൽ അല്ലാഹു അവരെ പിന്നിലാക്കും (മുസ്‌ലിം).**

മനുഷ്യരെ സന്മാർഗസരണിയിൽ മുന്നോട്ട് നയിക്കേണ്ടവരാണ് സത്യവിശ്വാസികൾ, പ്രത്യേകിച്ച് അവരിലെ നായകന്മാർ. അവർ പിന്തിനിൽക്കുന്നവരും ഉത്തരവാദിത്തം കൈയൊഴിയുന്നവരുമാകരുത്. അത് വരുത്തിത്തീർക്കുന്ന വിപത്തിനെക്കുറിച്ചാണ് ഈ നബിവചനം. സച്ചരിതരായ ഖലീഫമാരടക്കമുള്ള പ്രവാചകാനുയായികൾ ലോകാന്ത്യം വരെയുള്ള മനുഷ്യർക്കെല്ലാം മാതൃകയാണ്. അതിനാൽ, നമസ്കാരത്തിൽ മുൻനിരയിൽ അണിനിരക്കാതെ പിന്നോട്ടു മാറുന്ന പ്രവണതയെക്കുറിച്ച് മാത്രമാണ് ഈ നബിവചനത്തിലെ മുന്നറിയിപ്പെന്ന് കരുതാനാവില്ല. 'നിങ്ങൾക്ക് പിന്നിൽ വരുന്നവർ നിങ്ങളെയാണ് പിന്തുടരുന്നത്' എന്ന വചനം തന്നെ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. പിൻഗാമികൾക്ക് മുൻഗാമികൾ മാതൃകയാകണം എന്നാണ് ഈ വചനത്തിന്റെ യഥാർഥ വിവക്ഷയെന്ന് മനസ്സിലാക്കാം.

നിങ്ങൾ കാണിക്കുന്ന ചെറിയ ആവേശക്കുറവ് പോലും നിങ്ങളുടെ പിൻഗാമികളിൽ വലിയ പ്രതിഫലനം സൃഷ്ടിക്കുമെന്നും ഭാവിയിൽ ഇസ്‌ലാമിക സമൂഹത്തിന്റെ മുന്നേറ്റത്തിന് അത് വിഘാതമായിത്തീരുമെന്നും സ്വഹാബത്തിനെ സഗൗരവം ഉണർത്തുകയാണിവിടെ പ്രവാചകൻ ചെയ്യുന്നത്. എക്കാലത്തെയും സത്യവിശ്വാസികൾക്ക് അഥവാ ഇസ്‌ലാമിക പ്രവർത്തകർക്ക് ബാധകമാണ് പ്രവാചകന്റെ ഈ താക്കീത്.

ചില പ്രത്യേക സന്ദർഭങ്ങളിൽ സജീവമാവുകയും പിന്നീട് നിർജീവമാവുകയും ചെയ്യുന്ന പ്രവർത്തന രീതിയല്ല, ദൈവപ്രീതിയും പാരത്രിക മോക്ഷവും ലക്ഷ്യം വെച്ച് സന്മാർഗസരണിയിൽ സ്ഥിരമായി മുന്നേറിക്കൊണ്ടിരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ ഖുർആൻ വചനം സത്യവിശ്വാസികൾക്ക് പ്രചോദനമാവണം. ''അല്ലാഹു വിശ്വാസികളിൽനിന്ന് അവരുടെ ദേഹവും ധനവും വിലക്കെടുത്തിരിക്കുന്നു, അവർക്ക് സ്വർഗം നൽകാമെന്ന വ്യവസ്ഥയിൽ. അവർ ദൈവമാർഗത്തിൽ സമരം നടത്തിക്കൊണ്ടിരിക്കും'' (*അത്തൗബ*: 111). 'സത്യവിശ്വാസി നെറ്റിയിലെ വിയർപ്പോടുകൂടിയാണ് മരിക്കുക' (നബിവചനം) എന്ന് പ്രവാചകനും പഠിപ്പിക്കുന്നു.

'സമരമുഖത്തു നിന്നുള്ള പിന്മാറ്റം വൻപാപങ്ങളിൽപെട്ടതാണ്' എന്നും അവിടുന്ന് ഉണർത്തുകയുണ്ടായി.

ചില സന്ദർഭങ്ങളിൽ ഈ പിന്തിനിൽക്കൽ അതീവ ഗുരുതരമായിത്തീരും. അത്തരം സന്ദിഗ്ധ ഘട്ടങ്ങളിലൊന്നായിരുന്നു തബൂക്കിലേക്കുള്ള പടയോട്ടം. ഒരു പ്രബല സാമ്രാജ്യശക്തിയുമായി നേരിട്ട് ഏറ്റുമുട്ടേണ്ടി വന്നിരിക്കുകയാണ്. വളരെ പ്രയാസകരമായ ഒരു പരീക്ഷണ ഘട്ടം. ഈത്തപ്പഴം വിളവെടുപ്പിന് പാകമായ ഈ അവസരത്തിൽ യുദ്ധത്തിനിറങ്ങാൻ ചിലർക്കെങ്കിലും ചെറിയ വൈമനസ്യമുണ്ടായപ്പോൾ അതിനെ ഖുർആൻ വിലയിരുത്തിയത് എങ്ങനെയെന്ന് നോക്കൂ: ''വിശ്വസിച്ചവരേ, നിങ്ങൾക്കെന്ത് പറ്റി? ദൈവമാർഗത്തിലിറങ്ങിത്തിരിക്കൂ എന്നാജ്ഞാപിക്കപ്പെട്ടപ്പോഴതാ നിങ്ങൾ ഭൂമിയിലേക്ക് കനത്തു തൂങ്ങുന്നു! പരലോകത്തിനു പകരം നിങ്ങൾ ഭൗതിക ജീവിതംകൊണ്ട് തൃപ്തിയടഞ്ഞോ? ഈ ഭൗതിക വിഭവങ്ങളെല്ലാം പരലോകത്ത് ഏറെ തുഛമത്രെ. നിങ്ങളിറങ്ങിത്തിരിക്കുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ വേദനാജനകമായി ശിക്ഷിക്കും. നിങ്ങൾക്ക് പകരം മറ്റൊരു ജനതയെ കൊണ്ടുവരികയും ചെയ്യും'' (*അത്തൗബ*: 38,39).

സൈന്യത്തോടൊപ്പം പിന്നീട് എത്തിച്ചേരാം എന്ന് കരുതിയ മൂന്ന് പേരെപ്പോലും അതിശക്തമായാണല്ലോ ഖുർആൻ വിമർശിച്ചത്. കടുത്ത ബഹിഷ്കരണം അവർക്ക് അഭിമുഖീകരിക്കേണ്ടതായും വന്നു. സമരരംഗത്തുനിന്ന് മാറിനിൽക്കുന്ന അവസരവാദ സമീപനങ്ങളെയും ഖുർആൻ നിശിതമായി വിമർശിച്ചിട്ടുണ്ട് (*അന്നിസാഅ്*: 71-73).

ജീവകാരുണ്യവും സഹനശീലവും മുഖമുദ്രയാക്കി സേവനനിരതരായി മുന്നേറുന്ന ഇസ്‌ലാമിക പ്രബോധക സംഘമായിത്തീരണം സത്യവിശ്വാസികളെന്ന് മക്കാ ജീവിതത്തിന്റെ ആദ്യകാലത്ത് അവതീർണമായ 'അൽ ബലദ്' അധ്യായത്തിൽ പോലും ഊന്നിപ്പറയുന്നുണ്ട്. ആദ്യകാലത്ത് ഇസ്‌ലാമിക മുന്നേറ്റത്തിന് നിദാനമായ ഇതേ ശൈലി തന്നെയാണ് ഇസ്‌ലാമിക പ്രബോധന രംഗത്ത് ഇന്നും ആവശ്യമായിട്ടുള്ളത്. ഇതൊന്നും ഗൗനിക്കാതെ ആരാധനകളുടെ ബാഹ്യരൂപത്തിലൊതുങ്ങുന്നവരുടെ ദുർഗതി ഖുർആൻ അനാവരണം ചെയ്യുന്നുമുണ്ടല്ലോ ('*അൽ മാഊൻ*' അധ്യായം). ●